**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.04.2026**

## പ്രധാനവാർത്തകൾ

1. കേരളം നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. സംസ്ഥാനത്ത് നാളെ പൊതു അവധി.

2. വോട്ടെടുപ്പ് നാളെ രാവിലെ ഏഴ് മണിക്ക് ആരംഭിക്കും. ബൂത്തുകളിൽ സുരക്ഷ ക്രമീകരണം ശക്തമാക്കി. പോളിംഗ് സാമഗ്രികളുടെ വിതരണം ഇന്ന് നടന്നു.

3. അമേരിക്ക- ഇറാൻ വെടിനിർത്തൽ പ്രഖ്യാപനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ.രണ്ടാഴ്ചത്തെ വെടിനിർത്തൽ പശ്ചിമേഷ്യയിൽ സമാധാനത്തിന് വഴിയൊരുക്കുമെന്ന പ്രത്യാശ പങ്കുവച്ച് വിദേശകാര്യ മന്ത്രാലയം.

4. രാജ്യത്ത് എൽ.പി.ജി, പെട്രോൾ, ഡീസൽ എന്നിവയുടെ വിതരണം സാധാരണ നിലയിലാണെന്ന് കേന്ദ്രസർക്കാർ.

5. വെടിനിർത്തലിന് പിന്നാലെ ആഗോള വിപണിയിൽ എണ്ണവില ഇടിഞ്ഞു. രാജ്യത്തെ ഓഹരി വിപണികളിൽ വൻ നേട്ടം.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി കാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും

RNUTVPM

## കേരളം തിരഞ്ഞെടുപ്പ്

കേരളം നാളെ പോളിങ്ങ് ബൂത്തിലേക്ക്. സംസ്ഥാനത്ത് നാളെ രാവിലെ 7 മണിക്ക് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകുന്നേരം ആറ് മണി വരെ നീളും. 140 നിയമസഭ മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 30,495 പോളിങ്ങ് ബൂത്തുകൾ വോട്ടെടുപ്പിനായി സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ 2,040 എണ്ണം പ്രശ്നബാധിത ബൂത്തുകളാണ്. മണ്ഡലങ്ങളിൽ ഇന്ന് നിശബ്ദ പ്രചാരണമാണ് നടന്നത്. പോളിംഗ് സാമഗ്രികളുടെ വിതരണവും ഇന്ന് നടന്നു. പൂർണമായും ഹരിതചട്ടം പാലിച്ചാണ് വോട്ടെടുപ്പ് നടക്കുക. തിരഞ്ഞെടുപ്പിൻറെ സുതാര്യത ഉറപ്പാക്കുന്നതിനായി ബൂത്തുകളിൽ വെബ് കാസ്റ്റിങ്ങ് സംവിധാനവും സജ്ജീ കരിച്ചിട്ടുണ്ട്. വോട്ടെടുപ്പ് പൂർത്തിയാകും വരെ സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തി. 1.46 ലക്ഷം ഉദ്യോഗസ്ഥരെയാണ് വോട്ടെടുപ്പിനായി നിയോഗിച്ചി രിക്കുന്നത്. സുരക്ഷയ്ക്കായി 76,000 പോലീസ് ഉദ്യോഗസ്ഥരെയും സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്. കേന്ദ്രസേനയുടെ 160 സംഘങ്ങളും കേരളത്തിൽ എത്തിയിട്ടുണ്ട്. വോട്ടെടുപ്പ് ദിവസമായ നാളെ സംസ്ഥാനത്ത് പൊതു അവധിയാണ്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കടക്കം വേതനത്തോട് കൂടിയഅവധി ബാധകമാണ്.

RNU TVPM

## പോളിങ്ങ് സ്റ്റേഷനിൽ എത്തുമ്പോൾ (ഇൻട്രോ)

പോളിങ്ങ് സ്റ്റേഷനിൽ എത്തുമ്പോൾ വോട്ടർമാർ ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി മനസിലാക്കിയിരുന്നാൽ വോട്ടു ചെയ്യുന്നത് കൂടുതൽ സുഗമമാകും. ആദ്യമായി വോട്ടു രേഖപ്പെടുത്തുന്നവർക്കും ഇത് ഏറെ പ്രധാനമാണ്.

ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്..

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## തിരഞ്ഞെടുപ്പ് പരസ്യങ്ങൾ

നിശബ്ദ പ്രചാരണ വേളയിൽ ചില ടി വി ചാനലുകളിലും ഓൺലൈൻ പ്ളാറ്റ്ഫോമുകളിലും തിരഞ്ഞെടുപ്പ് പരസ്യങ്ങൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടതായി തിരഞ്ഞെടുപ്പ് കമ്മിഷൻ . അച്ചടി മാധ്യമങ്ങളിൽ മുൻകൂർ അനുമതി നേടിയ പരസ്യങ്ങളൊഴികെ ഇലക്ട്രോണിക്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഈ സമയത്ത് ഒരു വിധത്തിലുമുള്ള പരസ്യ പ്രചാരണം പാടില്ലെന്നും ഇവ അടിയന്തിരമായി നീക്കം ചെയ്യണമെന്നും കമ്മീഷൻ നിർദേശിച്ചു .

❁❁❁❁❁❁❁❁❁❁❁❁❁

## ആലപ്പുഴ (ഇൻട്രോ)

വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ ജില്ലകളിൽ പൂർത്തിയായി.
ആലപ്പുഴ ജില്ലയിലെ ക്രമീകരണങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളുമായി **ആകാശവാണി ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട് തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ (ഇൻട്രോ)

പാലക്കാട് ജില്ലയിൽ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ ഭരണകൂടം അറിയിച്ചു. 12 നിയോജക മണ്ഡലങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണവും പൂർത്തിയായി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്......**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## രത്തൻ യു കേൽക്കർ

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് മണ്ഡലത്തിലെ സ്ഥാനാർത്ഥി ശോഭാ സുരേന്ദ്രൻ വോട്ടർമാർക്ക് പണം വിതരണം ചെയ്തെന്ന പരാതിയിൽ ഫ്ളൈയിംഗ് സ്ക്വാഡ് അന്വേഷണം നടത്തി ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചതായി

RNU TVPM

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ജനപ്രാതിനിധ്യ നിയമത്തിന്റെയും പെരുമാറ്റച്ചട്ടത്തിൻറെയും ലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. പാലക്കാട് കണ്ണാടി പഞ്ചായത്തിലെ തെരുവക്കുറിശ്ശി ഭാഗത്ത് വോട്ടർമാരെ സ്വാധീനിക്കാൻ പണം വിതരണം ചെയ്തു എന്നായിരുന്നു പരാതി. നിശബ്ദ പ്രചാരണ സമയത്ത് മാധ്യമങ്ങളിലൂടെ സംസാരിച്ചതിന് അടൂരിലെ യുഡിഎഫ് സ്ഥാനാർത്ഥി സി.വി ശാന്തകുമാറിനും, എൽഡിഎഫ് സ്ഥാനാർത്ഥി പ്രിജി കണ്ണനുമെതിരെ കേസെടുക്കാൻ പത്തനംതിട്ട ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## ഗവർണർ- വോട്ടവകാശം

വോട്ടു ചെയ്യുകയെന്നത് ജനാധിപത്യപരമായ അവകാശം എന്നതിനുപരി കടമ കൂടിയാണെന്നും എല്ലാവരും സ്വതന്ത്രവും നിർഭയവുമായി വോട്ടു രേഖപ്പെടുത്തി ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകണമെന്നും ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കർ . വോട്ടവകാശം എല്ലാവരും സഗൗരവം വിനിയോഗിക്കണമെന്നും ഗവർണർ അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## തിരിച്ചറിയൽ രേഖ

തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഫോട്ടോ ഐഡൻറിറ്റി കാർഡിന് പുറമേ ആധാർ, പാൻകാർഡ്, പാസ്പോർട്ട് തുടങ്ങിയ അംഗീകൃത തിരിച്ചറിയൽ രേഖകളും വോട്ട് രേഖപ്പെടുത്തുന്നതിനായി ഉപയോഗിക്കാം. ഭിന്നശേഷി തിരിച്ചറിയൽ കാർഡ്, സർക്കാർ ജീവനക്കാരുടെ ഫോട്ടോ പതിച്ച ഐഡി കാർഡുകൾ, ഫോട്ടോ പതിച്ച ബാങ്ക്, പോസ്റ്റ് ഓഫീസ് പാസ്സ് ബുക്കുകൾ തുടങ്ങിയവയും അംഗീകൃത തിരിച്ചറിയൽ രേഖകളിൽ ഉൾപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## തിരഞ്ഞെടുപ്പ് മറ്റ് സംസ്ഥാനങ്ങൾ

കേരളത്തിന് പുറമേ, നാളെ വോട്ടെടുപ്പ് നടക്കുന്ന പുതുച്ചേരിയിലും, അസമിലും ഒരുക്കങ്ങൾ പൂർത്തിയായി. അസമിലെ 126 മണ്ഡലങ്ങളിലേക്കും, പുതുച്ചേരിയിലെ 30 മണ്ഡലങ്ങളിലേക്കുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. കേരളമടക്കം നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## പശ്ചിമേഷ്യൻ വെടിനിർത്തൽ

അമേരിക്ക- ഇറാൻ വെടിനിർത്തൽ പ്രഖ്യാപനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. രണ്ടാഴ്ചത്തെ വെടിനിർത്തൽ പശ്ചിമേഷ്യയിൽ ശാശ്വത സമാധാനത്തിനും, ഹോർമുസ് കടലിടുക്കിലൂടെയുള്ള തടസ്സമില്ലാത്ത കപ്പൽ ഗതാഗതത്തിനും വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രത്യാശ പ്രകടിപ്പിച്ചു. രണ്ടാഴ്ചത്തെ വെടിനിർത്തലിന് അമേരിക്കയും ഇറാനും സമ്മതം അറിയിച്ചതിന് പിന്നാലെ തീരുമാനത്തിന് ഇസ്രയേലും പിന്തുണ അറിയിച്ചിരുന്നു. വെടിനിർത്തലിൽ ലെബനൻ ഉൾപ്പെടുന്നില്ലെന്നും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു അറിയിച്ചു. എന്നാൽ വെടിനിർത്തൽ പ്രാബല്യത്തിലായതിന് പിന്നാലെ തെക്കൻ ഇറാനിലെ ലാവൻ റിഫൈനറിയിൽ സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആക്രമണത്തിന് പിന്നിൽ ആരാണെന്നത് വ്യക്തമല്ല. അതിനിടെ ഇറാനിൽ നിന്നുള്ള മിസൈൽ ആക്രമണങ്ങളെ വ്യോമ പ്രതിരോധ സംവിധാനങ്ങളിലൂടെ തടഞ്ഞതായി യുഎഇ അറിയിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യൻ എംബസി-ഇറാൻ

ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർ എത്രയും വേഗം രാജ്യം വിടണമെന്ന് ഇന്ത്യൻ എംബസി. എംബസി നിർദ്ദേശിക്കുന്ന വഴികളിലൂടെ വേണം ഇറാനിൽ നിന്ന്

പുറത്തുകടക്കാനെന്നും നിർദ്ദേശത്തിൽ പറയുന്നു. എംബസിയുടെ അനുമതിയില്ലാതെ ഇറാൻറെ കര അതിർത്തിയികളിലേക്ക് പോകരുതെന്നും നിർദേശമുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## അന്തർ മന്ത്രാലയ വാർത്താസമ്മേളനം

രാജ്യത്ത് എൽ.പി.ജി, പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ക്ഷാമമില്ലെന്നും വിതരണം സാധാരണ നിലയിലാണെന്നും കേന്ദ്രസർക്കാർ. ഗാർഹിക ആവശ്യങ്ങൾക്കുള്ള പാചകവാതകം തടസ്സമില്ലാതെ ഉറപ്പാക്കാൻ സർക്കാർ മുൻഗണന നൽകുന്നതായും പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## എണ്ണവില/ഓഹരി/സ്വർണം

യുഎസും ഇറാനും തമ്മിൽ വെടിനിർത്തലിന് ധാരണയായതോടെ ആഗോള എണ്ണവില കുത്തനെ ഇടിഞ്ഞു. ബ്രെൻറ് ക്രൂഡ് വില 16 ശതമാനം ഇടിഞ്ഞ് ബാരലിന് 91 യുഎസ് ഡോളറിലെത്തി. രാജ്യത്തെ ഓഹരി വിപണികളും കുതിച്ചുയർന്നു. സെൻസെക്സ് 2,946 പോയിൻറ് നേട്ടത്തിൽ 77,562 ലും നിഫ്റ്റി 873 പോയിൻറ് ഉയർന്ന് 23,997 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കൂടി. പവന് 2,920 രൂപ വർധിച്ച് ഒരു ലക്ഷത്തി 12,800 രൂപയും ഗ്രാമിന് 14,100 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി കാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഡൽഹിയിൽ രാത്രി 7.30 നാണു മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## വോട്ടെടുപ്പ് ഫോൺ

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസം പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ അനുവദിക്കില്ല. വോട്ടെടുപ്പിൻറെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കണക്കിലെടുത്തുമാണ് നടപടി. മൊബൈൽ ഫോൺ സൂക്ഷിക്കുന്നതിനായി ചില ജില്ലകളിൽ ഹരിത മൊബൈൽ പൗച്ചുകളും ഏർപ്പെടുത്തും.

RNU TVPM